# പവിഴദ്വീപിലെ കാമ്പസ്

● തസ്നീം സലീം, ബഹ്റൈൻ




ബിരുദകാലത്തിന്റെ മൂന്നാംവർഷത്തിലേക്ക് കടക്കുമ്പോൾ കഴിഞ്ഞ വർഷങ്ങൾ എനിക്ക് സമ്മാനിച്ച മധുരവും പുളിയും ചവർപ്പും നിറഞ്ഞ മിഠായി വായിൽ കിടന്നു അലിഞ്ഞു തീരാറായി എന്ന തിരിച്ചറിവാണ് നൽകുന്നത്. കുറച്ചുകഴിയുമ്പോൾ ഈ സ്വാദ് വെറും ഓർമയായി മാറും എന്നതാണ് സത്യം. നാവിൽ വെള്ളമിറക്കുന്ന, കണ്ണുകളെ ഈറനണിയിക്കുന്ന ആ മാന്ത്രിക സ്വാദിനെ നിലനിർത്താനാണ് എനിക്കിഷ്ടം.

കേരളത്തിന്റെ കാമ്പസ് പോലെ മുത്തുകളുടെ ദ്വീപായ ബഹ്റൈനിലെ എന്റെ കോളേജിനു ചുറ്റും വയസ്സായ, നര ബാധിച്ച മുത്തശ്ശി മരങ്ങളും പ്രണയസല്ലാപത്തിനുള്ള നടക്കല്ലുകളും ഇല്ല. കോളേജ് ജീവിതത്തിലെ ഓരോ ദിവസത്തിന്റെ തുടക്കവും ഒടുക്കവും അതിന്റെ നീണ്ട വരാന്തകളിലാണ്. അതിരാവിലെ ഒരു സിഗരറ്റും വലിച്ചു നാരായണേട്ടൻ വന്നു ഗേറ്റു തുറക്കുമ്പോൾ കോളേജിലേക്ക് വരുന്ന ഞങ്ങളെ നോക്കി, ഉറക്കം ലഭിക്കാത്തതിൽ പിണങ്ങി ചുവന്ന കണ്ണുകളുമായി പാതി ഉറക്കത്തിൽനിന്നു എഴുന്നേറ്റു നിൽക്കുന്ന സ്വദേശിയായ സെക്യൂരിറ്റി ഗാർഡിനെയും യൂണിഫോം ഇല്ലാത്ത ഞങ്ങളുടെ കോളേജിലെ ഏക യൂണിഫോം ധാരിയായ പ്രവാസികളായ ക്ലീനർമാരെയും കടന്നു ഞങ്ങൾ എത്തിച്ചേരുന്നത് ആ നാലുനില കെട്ടിടത്തിന്റെ വലിയ വരാന്തകളിലാണ്. വിവിധ വേഷത്തോടും ഭാഷയോടും പൊരുത്തപ്പെടുന്നതും വെറുത്തുപോകുന്നതും മുഖം വീർപ്പിക്കുന്നതും കൂട്ടുകൂടുന്നതും ആ വരാന്തകളിൽ തന്നെയാണ്. കാമ്പസിന്റെ ഉൾമിടിപ്പും സ്വകാര്യതകളും ചൂടുപിടിച്ച വാർത്തകളും ആത്മബന്ധങ്ങളും ആരംഭിക്കുകയും അസ്തമിക്കുകയും ചെയ്യുന്ന വരാന്തകൾക്ക് ഈ ദിവസങ്ങളിൽ തേനീച്ചക്കൂട്ടത്തിന്റെ ആർത്തിരമ്പലാണ്. ജബുലാനിയുടെയും ഫിഫയുടെയും ആവേശത്തിമർപ്പിലാണ് ചുമരുകളുടെ നിൽപ്പ്.

പ്രവാസികൾക്കിടയിൽ ഏറ്റവും കൂടുതൽ മലയാളികൾ ഉള്ളത് ഗൾഫ് മേഖലയിലാണെന്ന് ആദ്യമേ അറിഞ്ഞതിനാലാവാം എന്റെ കോളേജിന്റെ മലയാളി ഗന്ധം എന്നെ ആശ്ചര്യപ്പെടുത്താഞ്ഞത്. കോളേജിന്റെ ഉടമയായ ശ്രീ. ഗിരീഷ് മുതൽ കാന്റീൻ അങ്കിൾ എന്ന് കയ്യിലെ ദീനാറുകൾ തികയാതെ വരുമ്പോൾ സീനിയേഴ്സ് സ്നേഹത്തോടെ വിളിക്കുന്ന പേരറിയാത്ത താടിക്കാരനും മലയാളികളാണ്. ലോകത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾ നിറഞ്ഞ ലണ്ടൻ കാംബ്രിഡ്ജ്, അണ്ണാമലയ്, സിക്കിം, മണിപ്പാൽ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റികളുടെ കോഴ്സുകൾ ലഭ്യമായ ഞങ്ങളുടെ കോളേജിൽ ഭൂരിപക്ഷവും മലയാളികളാണ്. അതുകൊണ്ട് തന്നെയാവും കഴിഞ്ഞ ദിവസം എന്നെ കണ്ടപ്പോൾ ഗുജറാത്തുകാരിയായ അംന എന്നോട് ‘സുഖം ഏണോ’ എന്ന് ചോദിച്ചത്. പുറത്തേക്കു വന്ന പൊട്ടിച്ചിരി കടിച്ചമർത്തി അവർക്ക് മറുപടി നൽകുമ്പോഴും മനസ്സ് നിറയെ ഗൾഫ് മലയാളികൾ ഗുജറാത്തിയുടെ നാവിൻതുമ്പിലും സാമ്രാജ്യത്വം ഉറപ്പിച്ചല്ലോ എന്ന ചിന്തയായിരുന്നു. ഇവിടെ മലയാളികൾ മലയാളിത്തമില്ലെന്നു ധരിപ്പിക്കാൻ കോലം കെട്ടുമ്പോൾ മറുനാട്ടുകാർ മലയാളം പഠിച്ചുകൊണ്ടിരിക്കുകയാണ്. അല്ലെങ്കിൽ ചില വിരുതന്മാർ പഠിപ്പിക്കുകയാണ്.

പാരപണിതും ഒഴിപ്പിച്ചും ഇടിച്ചും തകർത്തും ചിരിച്ചും പിണങ്ങിയും കരഞ്ഞും ആഴമുള്ള സൗഹൃദങ്ങളാണ് ഇവിടെ പിറവി കൊള്ളുന്നത്. കൂട്ടുകാരുടെ കൂട്ടമാണ് എന്റെ കോളേജ്. മലയാളം അറിയാത്ത മലയാളികളുടെയും മലയാളം മാത്രമേ പറയൂ എന്ന് ശഠിക്കുന്നവരുടെയും കാറോടിക്കുന്നവരുടെയും മെസ്സി ഫാൻസിന്റെയും സ്റ്റാർ ടി.വി അഡിക്റ്റിന്റെയും നിഴലുകളും ഫോട്ടോഗ്രാഫർമാരും പുസ്തകപുഴുക്കളും ബ്ലോഗേഴ്സും നിറഞ്ഞതാണ് മറുനാട്ടിലെ ഈ കോളേജ്.

‘മുബൈ ഭീകരാക്രമണത്തിന്റെ ദയനീയരംഗങ്ങളും അജ്മൽ കസബിന്റെ വിധിനിർണയവും പാകിസ്ഥാന് ഒരു പാഠമാണെന്നും അവർ നന്നാവില്ലെ‘ന്നും വികാരത്തോടെ മഹാരാഷ്ട്രക്കാരിയായ അധ്യാപിക രോഷം കൊണ്ടപ്പോൾ, ‘ടീച്ചർ, ഞങ്ങൾ പാകിസ്ഥാൻ കാർ ഹൃദയമില്ലാത്തവരല്ല’ എന്നുപറഞ്ഞു എഴുന്നേറ്റുനിന്ന ബലൂചിക്കാരൻ മുഹ്സിനോടൊപ്പം ‘അതെ, ഞങ്ങൾ ശത്രുക്കളല്ല’ എന്നു ചേർത്തു പറഞ്ഞുകൊണ്ട് കൊച്ചിക്കാരനായ അല്ലെയ്ൻ ഉണ്ടായിരുന്നു. രാജ്യങ്ങൾ അതിർത്തികൾ നിർണയിക്കുമ്പോൾ അതിർ വരമ്പും വേലികെട്ടുകളുമില്ലാത്ത സൗഹൃദത്തിന്റെ വിശാലമായ മൈതാനത്തിൽ കെട്ടുറപ്പിന്റെ പട്ടം പറത്തുകയാണ് എന്റെ കോളേജിൽ ഉള്ളവർ.

ഗൾഫിലെ കുട്ടികൾ ഫ്ളാറ്റിന്റെ ഉള്ളറകളിൽ കമ്പ്യൂട്ടറിനും ടി.വിക്കും മുമ്പിൽ സമയം കൊല്ലുന്ന ബ്രോയിലർ ചിക്കൻ മാത്രമാണ് എന്ന് വിലയിരുത്തുന്നവർ തീർച്ചയായും എന്റെ കോളേജ് കാണാത്തവരാണ്. ഇരുപതിന്റെ ആവേശവും തിളക്കുന്ന ചോരയും നിറഞ്ഞ യുവത്വത്തിന്റെ സംസാരവിഷയത്തിൽ സ്വവർഗരതിയുടെ ശരിതെറ്റുകളും ഇറാഖിലെ അവസ്ഥയും ഇസ്രായേലിന്റെ അനീതിയും ഐ.പി.എൽ ചൂതാട്ടവും കടന്നുവരുന്നത് യാദൃശ്ചികമൊന്നുമല്ല. ലോകത്തിന്റെ പോക്കും ഇന്ത്യയുടെ നാടിമിടിപ്പും ഈ പ്രവാസിയുടെ മക്കളും അറിയുന്നുണ്ട് എന്നതിന്റെ അലയൊച്ചകളാണ്. പവിഴദ്വീപിലെ ചിപ്പികൾക്കുള്ളിലിരുന്നു അവർ ഒരുങ്ങുകയാണ്, വിലമതിക്കാനാവാത്ത മുത്തുകളായി നാളെ ലോകത്തിനു മുമ്പിൽ രൂപപ്പെടാൻ.